കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് -വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചുത്തരവായത്- ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി 10 വർഷമെന്നത് പുന:നിശ്ചയിച്ച് പ്രത്യേകാവശ്യത്തിന് മാത്രം നൽകുന്നതിന് ഉത്തരവാക്കി ഭേദഗതിവരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

റവന്യൂ (ബി) വകുപ്പ്

ജി. ഒ. (കയ്യെ.) നമ്പർ 318/08/റവന്യൂ. തീയതി, തിരുവനന്തപുരം, 23.09.2008

==========================================================

പരാമർശം:- 1. സർക്കാർ ഉത്തരവ് (കയ്യെ) നം.136/07/ആർഡി തീയതി 27.04.2007
2. സർക്കാർ ഉത്തരവ (കയ്യെ) നം.351/07/ആർഡി തീയതി 01.10.2007

## <u>ഉത്തരവ്</u>

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളു. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, അതിനെതുടർന്ന് പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുന:ക്രമീകരിച്ചും ഉത്തരവാകുകയുണ്ടായി. ,ടി സർക്കാർ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പഷ്ടീകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ച് പരാമർശം 2ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

2 പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ജാതിസർട്ടിഫിക്കറ്റുകൾക്ക് കോടതിവിധി മൂലം മറിച്ച് തീരുമാനം ,ഇല്ലാത്തപക്ഷം 10വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽനിന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. പ്രസ്തുത നിവേദനങ്ങളിൽ ജാതിസർട്ടിഫിക്കറ്റിന്റെ കാലപരിധി 10വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദുചെയ്യുന്നതിനും ,ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത്,പ്രത്യേക അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന്;) തുടരുന്നതിന് അഭ്യർത്ഥിച്ചിരുന്നു.

contd...

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ/തഹസീൽദാർമാർ നൽകുന്ന ജാതിസർട്ടിഫിക്കറ്റുകൾക്ക് 10വർഷ കാലപരിധി ഇനി മേൽ ഉണ്ടായിരിക്കുന്നതല്ല എന്നും , പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്നതാണ് എന്നും ഉത്തരവാകുന്നു.

4. പരാമർശം 1ലെയും 2ലെയും സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ആർ.കെ ക്ഷിതീശ്
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി,ലാന്റ് ബോർഡ്,തിരുവനന്തപുരം
എല്ലാവകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാകളക്ടർമാർക്കും, തഹസീൽദാർമാർക്കും
സെക്രട്ടറി, കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്തുസഹിതം)
വിവര - പൊതുജനസമ്പർക്കവകുപ്പ് ഡയറക്ടർ(മാധ്യമങ്ങൾക്കുനൽകുന്നതിന്)
ധനകാര്യ നിയമവകുപ്പ് ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്ക്
മന്ത്രിമാർ, പ്രതിപക്ഷനേതാവ്,സർക്കാർചീഫ്‌വിപ്പ് എന്നിവരുടെ പ്രൈവറ്റ്സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി.) വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ: എ 4/48087/2014/കോ.വി.വ
തീയതി: 10/09/2015

വില്ലേജ് ഓഫീസർ/തഹസീൽദാർ നൽകുന്ന ജാതിസർട്ടിഫിക്കറ്റുകൾക്ക് 10 വർഷ കാലപരിധി ഉണ്ടായിരിക്കുന്നതല്ലെന്നും പ്രസ്തുത സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിനായി അയയ്ക്കുന്നു.

ഒപ്പ്/-
വി. വിലാസചന്ദ്രൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 11/09/15